**ഏപ്രിൽ 27, 2014**

# പ്രചാരണ ഡയറി 27.04.2014

**അരുൺ ജെയ്റ്റ്ലി,**
**(പ്രതിപക്ഷ നേതാവ്, രാജ്യസഭ)**

കോൺഗ്രസ് പാർട്ടി ഇപ്പോൾ ഒറ്റപ്പെട്ട അവസ്ഥയിലാണ്. എന്നാൽ, രണ്ടക്ക പാർട്ടിയായി മാറുമെന്ന യാഥാർത്ഥ്യം അംഗീകരിക്കാൻ ആ പാർട്ടി ഇനിയും തയ്യാറാകുന്നില്ല. രണ്ടക്കപാർട്ടി എന്ന യാഥാർത്ഥ്യം മനസ്സിലാക്കുകയും അതനുസരിച്ച് ഭാവി ആസൂത്രണം ചെയ്യുകയുമാണ് വേണ്ടത്. രാഷ്ട്രീയ കലണ്ടറിൽ അവസാന ദിവസം എന്ന ഒന്നില്ല.

എന്നാൽ ഒരു പുള്ളിപ്പുലിയുടെ ദേഹത്തു കാണുന്ന പുള്ളികൾ ഒരിക്കലും മാറുകയില്ല. കോൺഗ്രസ് പാർട്ടിയുടെ ധാരണ അവർ ഭരിക്കാൻവേണ്ടി രൂപീകൃതമായ ഒന്നാണെന്നാണ്. നരേന്ദ്ര മോദിയോ മറ്റാരെങ്കിലുമോ ഭരണത്തിൽ വരുന്നത് കാണാനുള്ള സഹനശക്തി ആ പാർട്ടിക്കില്ല. കഴിഞ്ഞ പന്ത്രണ്ടുവർഷങ്ങളായി കള്ളക്കേസുകളിലൂടെ മോദിയെ കുരുക്കാൻ ശ്രമിച്ച കോൺഗ്രസുകാർക്ക് ഇപ്പോൾ ബുദ്ധിഭ്രമം അനുഭവപ്പെട്ടു തുടങ്ങിയിരിക്കുകയാണ്. അതുകൊണ്ടാണ് നരേന്ദ്രമോദിയെക്കുറിച്ച് പരാമർശിക്കുമ്പോഴെല്ലാം ഗാന്ധികുടുംബം യുക്തിരഹിതമായ വാദങ്ങൾ ഉന്നയിക്കുന്നത്.

സൽമാൻ ഖുർഷിദ് പരാജയം ഏതാണ്ട് അംഗീകരിക്കുകയും കോൺഗ്രസ് മൂന്നാം മുന്നണിയെ പിന്തുണയ്ക്കണമെന്ന് പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ പ്രവചിക്കപ്പെട്ട കണക്കുകൾ അനുസരിച്ച് ഈ പിന്തുണ പ്രാവർത്തികമാകുകയില്ല. വോട്ടർമാർക്ക് ഈ പ്രവണതയെക്കുറിച്ച് പൂർണ്ണ അറിവുള്ളതിനാൽ ഇങ്ങനെയുള്ള ഏതു ശ്രമത്തെയും അവർ പൂർണ്ണമായി പരാജയപ്പെടുത്തുകയും ചെയ്യും. ആവർത്തിച്ചനുഭവിച്ച പരാജയം മാത്രമായിരിക്കും കോൺഗ്രസ് പിന്തുണയുള്ള മൂന്നാം മുന്നണിഭരണം. സൗകര്യത്തിനുവേണ്ടി മാത്രം തട്ടിക്കൂട്ടുന്ന ആദർശവൈരുദ്ധ്യമുള്ള ഒരു കൂട്ടുകെട്ടിന് ഒരിക്കലും സൽഭരണം നൽകാൻ കഴിയില്ല. രാഷ്ട്രീയ അസ്ഥിരത കണ്ട് ആഹ്ളാദിക്കുന്ന ധാരാളം പേർ ഇന്ത്യയിലുണ്ട്. വോട്ടർമാർ കോൺഗ്രസിനെ മാത്രമല്ല, "അസ്ഥിരതയുടെ വ്യാപാരികളെയും തോൽപ്പിക്കും എന്ന കാര്യത്തിൽ എനിക്ക് തീർച്ചയുണ്ട്.

വിഷയദാരിദ്ര്യം അഭിമുഖീകരിക്കുന്ന ക്യാപ്ടൻ

തുടക്കത്തിലെ പത്രപ്രസ്താവനകളും സൃഷ്ടിക്കപ്പെട്ട പ്രശ്നങ്ങളും ക്യാപ്ടന്റെ തിരഞ്ഞെടുപ്പിനെ നേരിടുന്ന കഴിവിനെ വ്യക്തമാക്കുന്നവയായിരുന്നു. എന്നാൽ, കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ക്യാപ്ടൻതന്നെ തന്റെ ദൗർബല്യങ്ങൾ വ്യക്തമാക്കാൻ തുടങ്ങി. ദേശീയ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ അദ്ദേഹം വിമുഖത പ്രകടിപ്പിക്കുകയും ചെയ്തു. ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധമുള്ള സമകാലിക രാഷ്ട്രീയപ്രശ്നങ്ങൾക്ക് പകരം മറ്റു ചില പ്രശ്നങ്ങൾ അദ്ദേഹം ആവർത്തിച്ചുകൊണ്ടിരുന്നു. ആവർത്തിച്ചുള്ള ചില വ്യാഖ്യാനങ്ങൾക്ക് ഒരു പരിധിവരെ വാർത്തകൾ സൃഷ്ടിക്കാൻ കഴിഞ്ഞതുമില്ല. ഇവയെല്ലാം പ്രചാരണരംഗത്ത് അദ്ദേഹത്തോട് വിരസതയും അനാദരവും സൃഷ്ടിക്കാനിടയാക്കി.

എനിക്കുവേണ്ടി പ്രസിദ്ധരായ വ്യക്തികൾ നടത്തിയ തിരഞ്ഞെടുപ്പു പ്രചാരണത്തിനെതിരെ ക്യാപ്ടൻ പരാതിപ്പെടുകയുണ്ടായി. എന്റെ വിജയത്തിനുവേണ്ടി എന്റെ കുടുംബാംഗങ്ങൾ, രാഷ്ടീയ സുഹൃത്തുക്കൾ, സഹപ്രവർത്തകർ, നേതാക്കൾ എന്നിവർ പ്രചാരണരംഗത്തുണ്ട്. എന്നാൽ എന്തുകൊണ്ട് മുതിർന്ന കോൺഗ്രസ് നേതാക്കൾ ക്യാപ്ടനുവേണ്ടി പ്രചാരണത്തിനിറങ്ങുന്നില്ല? ശ്രീ. ആനന്ദ് ശർമ്മയെ മാത്രമേ അദ്ദേഹത്തിനു ലഭിച്ചുള്ളൂ?